# അക്കാദമിക
# മാസ്റ്റർ പ്ലാൻ




## M A H S THURAVOOR

# സ്കൂൾ വിവരങ്ങൾ

| | | |
|---|---|---|
| 1. റവന്യൂജില്ല | : | എറണാകുളം |
| 2. സ്കൂൾകോഡ് | : | 25093 |
| 3. സ്കൂളിന്റെ പേര് | : | എം എ എച്ച് എസ്, തുറവൂർ |
| 4. മേൽവിലാസം | : | തുറവൂർ പി ഒ |
| | | എറണാകുളംജില്ല |
| 5. പിൻകോഡ് | : | 683572 |
| 6. ഫോൺ നമ്പർ | : | 0484 2617677 |
| 7. ഇ-മെയിൽ അഡ്രസ് | : | mahsthuravoor@gmail.com |
| 8. ഗ്രാമ പഞ്ചായത്ത് | : | തുറവൂർ ഗ്രാമ പഞ്ചായത്ത് |
| 9. വിദ്യാഭ്യാസജില്ല | : | ആലുവ |
| 10. സബ്ജില്ല | : | അങ്കമാലി |
| 11. ക്ലാസുകൾ | : | 8 മുതൽ 12 വരെ |
| 12. മാനേജ്മെന്റ് | : | എയ്ഡഡ് |
| 13. പഠനമാധ്യമം | : | മലയാളം, ഇംഗ്ലീഷ് |

# <u>ആമുഖം</u>

എറണാകുളം ജില്ലയുടെ ഏകദേശം പടിഞ്ഞാറേ അറ്റത്തായി സ്ഥിതിചെയ്യുന്ന തുറവൂർ ഗ്രാമപഞ്ചായത്തിലാണ് മാർ അഗസ്റ്റിൻ ഹയർസെക്കണ്ടറി സ്കൂൾ. പാഠ്യ - പാഠ്യേതര രംഗത്ത് സംസ്ഥാനതലത്തിൽ തന്നെ ശ്രദ്ധ നേടിയിരിക്കുന്ന വിദ്യാലയാമാണിത്. ജില്ലയിൽ തന്നെ ഏറ്റവും കൂടുതൽ കുട്ടികൾക്ക് എസ്എസ് എൽ സി, പ്ലസ് ടു തലത്തിൽകൂടുതൽ **എ+** കൈവരിച്ചുകൊണ്ടു മുന്നേറുകയാണ് ഈ സ്കൂൾ. വിവിധ മത്സര പരീക്ഷ കൾക്ക് പരിശീലനം നൽകുകയും, മികവാർന്ന വിജയം നേടാനും സ്കൂളിന് കഴി യുന്നു.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണെന്നുള്ള വസ്തുത പ്രാവർത്തികമാക്കിക്കൊണ്ട് അക്കാദമിരംഗത്തും കലാരംഗത്തും കായികരംഗത്തും ഒരുപോലെ മികവ് വർദ്ധിപ്പിക്കാൻ സ്കൂളിന് കഴിയുന്നു. എല്ലാവരെയും ഉൾപ്പെടുത്തിയിട്ടുള്ള വിദ്യാഭ്യാസം (Inclusive Education) പ്രാവർത്തികമാക്കാനായി വൈവിധ്യമാർന്ന ബോധനതന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സ്കൂളിന് കഴിയുന്നു. പെൺകുട്ടികൾക്കായി കരാട്ടേ പരിശീലന ങ്ങളിലൂടെ ആത്മധൈര്യം വർദ്ധിപ്പിക്കാനും സ്വയം പ്രതിരോധത്തിനും സാധി ക്കുന്നു. കുട്ടികളുടെ പഠനത്തെ ബാധിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങളിൽ ഫലപ്രദമായ കൗൺസിലിംഗ് നൽകി പഠനത്തിന് സാഹചര്യമൊരുക്കുന്നു.

അക്കാദമികരംഗത്തെ മികവിന് കാരണം ചിട്ടയായ പ്ലാനിങ്ങും അതിനനു സരിച്ചുള്ള പ്രവർത്തനങ്ങളുമാണ്. ഓരോ പ്രവർത്തനവും കൃത്യമായി വിലയിരു ത്തുകയും പോരായ്മകളുണ്ടെങ്കിൽ അപ്പപ്പോൾ പരിഹരിക്കുകയും ചെയ്യുന്നു. പൊതുവിദ്യാലായസംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗത്തെ മുന്നേറ്റത്തിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് മാനേ ജ്മെന്റിന്റേയും പി.ടി.എ. യുടേയും ഇടപെടലും പൂർവ്വ വിദ്യാർത്ഥികൾ, നാട്ടു കാർ, ജനപ്രതിനിധികൾ, ജില്ലാ പഞ്ചായത്ത് തുടങ്ങിയവയുടെ പൂർണ്ണമായ സഹകരണവും ഉറപ്പുവരുത്താൻ കഴിയുന്നു. കൂടാതെ ഹരിതഭംഗിയാർന്ന, ജൈവസമ്പന്നതയിൽ അലങ്കൃതമായ സ്കൂൾ ക്യാമ്പസ് ശിശു സൗഹൃദപരമായ

പഠനാന്തരീക്ഷം എന്നിവ സ്കൂളിന്റെ മുഖമുദ്രയാണ്. 'സ്കൂൾ തന്നെ പാഠപുസ്തകം' എന്ന വിശാലമായ ആശയം ഇവിടെ സാർത്ഥമാകുന്നു.

ഓരോ വർഷവും വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഉണ്ടാകുന്ന വർദ്ധനവ് സ്കൂളിൽ അകാകദമിക നിലവാരത്തിലുള്ള പൊതുസമൂഹത്തിന്റെ അംഗീകാരമാണ് ഇത് നിലനിർത്തികൊണ്ട് മുന്നേറാനും കൂടുതൽ ഗുണപരമായ പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനുമാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. ഇതിലെ ഓരോ പ്രത്തനവും നടപ്പിലാക്കി കുട്ടികൾക്ക് ആവശ്യമായതെന്തോ അത് നൽകാനും നാളെയുടെ വാഗ്ദാനങ്ങളായി അവരെ മാറ്റാനും നമുക്ക് സാധിക്കുമെന്ന് പ്രതീക്ഷിക്കട്ടെ.

സ്കൂൾ രൂപംകൊടുത്ത വികസന സെമിനാറിലെ ലക്ഷ്യങ്ങൾ കൂടി സാക്ഷാത്കരിക്കുന്ന പ്രവർത്തനങ്ങളായി ഈ അക്കാദമിക മാസ്റ്റർപ്ലാൻ മാറുമെന്നും പ്രതീക്ഷിക്കാം. പൊതുവിദ്യാലയത്തിന്റെ മികവുകൾ സമൂഹമധ്യത്തിലെത്തിക്കുന്ന വിദ്യാഭ്യാസ വകുപ്പിന്റെ ''ഹരിത വിദ്യാലയം'' പരിപാടിയിൽ പങ്കെടുത്ത് സ്കൂളിന്റെ മികവുകൾ അവതരിപ്പിക്കാനും ഈ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്. എന്ന് സന്തോഷപൂർവ്വം അറിയിക്കട്ടെ.

## സ്കൂൾ ചരിത്രം

1982 ജൂൺ ഒന്നിന് അന്നത്തെ പള്ളി വരാന്തയിലാണ് ആദ്യ ക്ലാസുകൾ ആരംഭിച്ചത് 2015 ഹയർ സെക്കൻഡറി ആയി ഉയർത്തപ്പെട്ട സ്കൂളിൽ ഒരു സയൻസ് ബാച്ചും ഒരു കൊമേഴ്സ് ബാച്ചുമാണ് അനുവദിച്ചത് 100% വിജയത്തോടെ കൂടുതൽ എ പ്ലസ് ഓടെ എറണാകുളം ജില്ലയിലെ മികച്ച വിദ്യാലയമായി മുന്നേ കഴിയുന്നത് വളരെ അഭിമാനാർഹമാണ്. 2023 - 2024 അധ്യയനവർഷത്തിൽ എസ്എസ്എൽസിക്ക് 162 കുട്ടികൾ എഴുതിയതിൽ 45 കുട്ടികൾക്ക് ഫുൾ എ പ്ലസ് നേടുവാനും പ്ലസ് ടു വിഭാഗത്തിൽ 118 കുട്ടികളിൽ 42 ഫുൾ എ പ്ലസ് നേടാൻ സാധിച്ചു എന്നതും പഠന നിലവാരത്തിലുള്ള സ്കൂളിന്റെ മികവ് തെളിയിക്കുന്നു പഠനത്തോടൊപ്പം പാഠ്യ അനുബന്ധ പ്രവർത്തനങ്ങളിലും പ്രത്യേകിച്ച് സ്പോർട്സ് മേഖലയിൽ നിരവധി നേട്ടങ്ങൾ കൈവരിക്കുവാൻ ഈ വിദ്യാലയത്തിന് സാധിച്ചു ധാരാളം കായികപ്രതിഭകളെ വാർത്തെടുക്കുവാൻ കഴിഞ്ഞു എന്നത് എടുത്തു പറയേണ്ടതാണ്. കഴിഞ്ഞ അധ്യയന വർഷത്തിൽ ഹാൻഡ്ബോൾ വിഭാഗത്തിൽ സ്റ്റേറ്റ് ലെവൽ വരെ പങ്കെടുക്കുവാൻ നമ്മുടെ വിദ്യാർഥികൾക്ക് കഴിഞ്ഞു സുന്ദരവും ശാന്തവും പരിപാവനവുമായ ഗ്രാമാന്തരീക്ഷത്തിലുള്ള ഈ വിദ്യാലയത്തിൽ ഇപ്പോൾ 21 ഹൈസ്കൂൾ അധ്യാപകരും 12 ഹയർ സെക്കൻഡറി അധ്യാപകരും, 6 അനധ്യാപകരും അടങ്ങുന്ന സ്റ്റാഫ്. 560 വിദ്യാർത്ഥികൾ എറണാകുളം ജില്ലയിൽ ഇന്ന് അക്കാദമിക നിലവാരത്തിൽ ദിനംപ്രതി കുതിച്ചു കൊിരിക്കുന്ന സ്കൂൾ ,കൂടുതൽ കുട്ടികൾ എസ്എസ്എൽസി പ്ലസ് ടു വിഭാഗത്തിൽ ഫുൾ എ പ്ലസ് നേടുന്ന സ്കൂൾ, പാഠ്യേതര രംഗങ്ങളിൽ ഏറെ മികവ് പുലർത്തുന്നണ്ട്. സ്കൂൾ എന്നിങ്ങനെ നിരവധി ഖ്യാതികൾ ഈ വിദ്യാലയത്തിനു പുതുമയാർന്ന പ്രവർത്തനങ്ങളിലൂടെ അക്കാദമിക ലക്ഷ്യങ്ങൾ പ്രാവർത്തികമാക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ.

## അക്കാദമികം

## നേട്ടങ്ങൾ

എറണാകുളം ജില്ലയിൽ എസ്.എസ്.എൽ.സി. / പ്ലസ് ടു പരീക്ഷകളിൽ മികച്ച വിജയവും കൂടുതൽ ഫുൾ എ പ്ലസും നേടുന്ന വിദ്യാലയമായി മാറാൻ കഴിഞ്ഞു. NMMS പോലുള്ള സ്കോളർഷിപ്പ് പരീക്ഷകൾക്ക് കുട്ടികൾകളെ പങ്കെടുപ്പിക്കുകയും കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭിക്കുകയും ചെയ്യുന്നു. കുട്ടികളുടെ നിലവാരത്തിനനുസരിച്ച് ആവശ്യമായ പ്രത്യേക പരിശീലനം നൽകി കുട്ടികളിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നത് വിജയതിളക്കത്തിലേക്ക് നയിക്കുന്നു. പ്രവർത്തനങ്ങളിലൂടെ പഠിക്കാനുതകുന്ന രീതിയിൽ ആസൂത്രണം നടത്തുന്നു. സ്കൗട്ട്, ഗൈഡ്, ജെ.ആർ.സി., എൻ.എസ്.എസ്., ലിറ്റിൽ കൈറ്റ്സ്, എസ്.പി.സി. തുടങ്ങിയ വൈവിധ്യമാർന്ന സന്നദ്ധ സംഘടനകളി ലൂടെ പഠനത്തോടൊപ്പം സേവന മനോഭാവം വർദ്ധിപ്പിക്കാൻ കഴിയുന്നു.

ഹയർസെക്കൻഡറിയിൽ കഴിഞ്ഞ പത്ത് വർഷങ്ങളായി സയൻസ്, കൊമേഴ്സ് ബാച്ചുകളിൽ മികച്ച വിജയം നേടുന്നു. എറണാകുളം ജില്ലയിലെ ഏറ്റവും മികച്ച സ്കൂളുകളിൽ ഒന്നായി ഇപ്പോഴും നിലകൊള്ളുന്നു. സ്കൂൾ തുറന്ന ആദ്യമാസം തന്നെ മോണിംഗ്ക്ലാസ്, ഈവനിംഗ് ക്ലാസ് എന്നിവ ആരം ഭിക്കുകയും മികച്ച വിജയം നേടാൻ കുട്ടികളെ പ്രാപ്തരാക്കുകയും ചെയ്യുന്നു. യൂണിറ്റ് ടെസ്റ്റ്, പ്രതിമാസ ടെസ്റ്റ് എന്നിങ്ങനെ വിവിധ ടെസ്റ്റുകളിലൂടെ 8,9,10 ക്ലാസുകളിലൂടെ കുട്ടികളെ കൂടുതൽ മികവിലേക്കെത്തിക്കാൻ സാധിക്കുന്നു.

# അക്കാദമികം

## പരിമിതികൾ

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തി ഏറ്റവും കൂടുതൽ കുട്ടികൾ മികച്ച വിജയം നേടുന്നു. എങ്കിലും എല്ലാ ക്ലാസ് മുറികളും ഹൈടെക് നിലവാര ത്തിലേക്ക് ഉയർന്നില്ല എന്നത് പരിമിതിയാണ്. ഇപ്പോൾ 10 ക്ലാസ് മുറികൾ ഹൈടെക് നിലവാരത്തിലുണ്ടെങ്കിലും ബാക്കിയുള്ള ക്ലാസ്മുറികളും കൂടി ഈ അവസ്ഥയിലെത്തേണ്ടതുണ്ട്. പൂർവ്വവിദ്യാർത്ഥി കൂട്ടായ്മയിലൂടെയും പി.ടി. എ. സഹകരണത്തോടെയും ക്ലാസ് മുറികൾ ടൈൽസ് പാകി ഒരുക്കാൻ കഴി ഞ്ഞെങ്കിലും മറ്റ് ക്ലാസ് മുറികൾ കൂടി മെച്ചപ്പെടുത്തേണ്ടതുണ്ട്. ഗണിത ലാബ്, സാമൂഹ്യശാസ്ത്രം ലാബ് എന്നിവ ഹൈസ്ക്കൂളിന് പ്രത്യേകമായിട്ടില്ല. അതു പോലെ ഫിസിക്സ് ശാസ്ത്ര ലാബ് ഉണ്ടെങ്കിലും ഫിസിക്സിനും, കെമി സ്ട്രിക്കും ബയോളജിക്കും പ്രത്യേകമായി ഇല്ല എന്നുള്ളതും പരമമിതിയാണ്. പ്രവർത്തിച്ച് പഠിക്കുക, അന്വേഷണാത്മകമായും നിരീക്ഷിച്ചും പഠിക്കുക തുട ങ്ങിയവ പൂർണ്ണമായ അർത്ഥത്തിൽ സാർത്ഥമാക്കാൻ പ്രത്യേകം പ്രത്യേകം ലാബ് സൗകര്യം ഉണ്ടേവേണ്ടതുണ്ട്. ഹൈസ്ക്കൂൾ, ഹയർസെക്കൻഡറി ഐ.ടി ലാബിലും കൂടുതൽ കമ്പ്യൂട്ടറുകൾ സ്ഥാപിച്ച് ഐ.ടി. പഠനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. ഇതിനായി ജനപ്രതിനിധികളിൽ നിന്നും മറ്റും ഫണ്ട് ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

കുട്ടികൾക്ക് വായനക്കായി പ്രത്യേകമൊരുക്കിയ ലൈബ്രറി ഇല്ല. ഉച്ചഭ ക്ഷണ പദ്ധതി ഒരുക്കുന്നുണ്ടെങ്കിലും പൊതുവായി ഇരുന്ന് ഭക്ഷണം കഴിക്കാ നുള്ള സൗകര്യങ്ങളില്ല. (ഊട്ടുശാല)

## ഭൗതീകം

## നേട്ടങ്ങൾ

നിലവിൽ എല്ലാ ക്ലാസ്മുറികളും ടൈൽ പാകി മോടിപിടിപ്പിച്ചു. ഈ ക്ലാസ് മുറികളിൽ 10 എണ്ണം ഹൈടെക് സംവിധാനമൊരുക്കുന്നതിനായി ലാപ്ടോപ്പ്, പ്രൊജക്ടർ തുടങ്ങിയവ ലഭ്യമാണ്. ഹയർസെക്കൻഡറിയിൽ എല്ലാ ക്ലാസ് മുറികളും നേരത്തെ തന്നെ ടൈൽ പാകുകയും മൾട്ടിമീഡിയ സംവിധാനമൊരുക്കുകയും ചെയ്തിട്ടുണ്ട്. ഗേറ്റോടുകൂടിയ ചുറ്റുമതിലും സ്കൂളിന്റെ സുരക്ഷയെ ഉറപ്പുവരുത്തുന്നു.

കുട്ടികൾക്കാവശ്യമായ ലൈബ്രറി ബുക്കുകൾ ലഭ്യമാക്കുന്നു.

കുട്ടികൾക്ക് ശാരീരികമായി ഉണ്ടാകുന്ന അവശതകൾക്കും മറ്റും വിസ്രമി ക്കുന്നതിനാവശ്യമായ വിശ്രമമുറി ഉണ്ട്.

ഇരുപത്തി രണ്ട് കമ്പ്യൂട്ടറുകളുള്ള ഹൈസ്ക്കൂൾ ഐ.ടി. ലാബ് സ്കൂ ളിന്റെ മറ്റൊരു ഭൗതീക നേട്ടമാണ്. എല്ലാ ക്ലാസ് റൂമിലും കുട്ടികൾ സൗകര്യപ്രദ മായ രീതിയിൽ ഇരിക്കുന്നതിനുള്ള ബഞ്ചും ഡെസ്കും സജ്ജീകരിച്ചിട്ടുണ്ട്.

വിശാലമായ ഓഡിറ്റോറിയം മറ്റ് സ്കൂളുകൾക്ക് തന്നെ മാതൃകയാണ്. ഈ ഓഡിറ്റോറിയം പൂർണ്ണമായും ടൈൽ പാകി സജ്ജീകരിക്കാൻ കഴിഞ്ഞതും വലിയ മികവാണ്. ഇത് അസംബ്ലി ഹാൾ ആയി ഉപയോഗിക്കുന്നുണ്ട്. സ്കൂളിന്റെ എല്ലാ നിലകളിലും കുടിവെള്ളത്തിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. കായിക പരിശീലനത്തിന് ഉതകുന്ന തരത്തിലുള്ള വിശാലമായ കളിസ്ഥസം ഒരു ക്കിയിട്ടുണ്ട്. ആധുനീക രീതിയിൽ സജ്ജീകരിച്ച ഓഫീസ് മുറിയും ഈ സ്ഥാപ നത്തിന് ഉണ്ട്. ഭക്ഷണം പാചകം ചെയ്യുന്നതിന് ഉതകുന്ന എല്ലാ ആധുനീക സൗകര്യങ്ങളോടുകൂടിയ അടുക്കള ഈ സ്ഥാപനത്തിന്റെ മറ്റൊരു പ്രത്യേകതയാ ണ്.

ആധുനീക സൗകര്യങ്ങളോടുകൂടിയ ടോയ്ലറ്റുകൾ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി പണികഴിപ്പിച്ചിട്ടുണ്ട്. എസ്.പി.സി., സ്കൗട്ട് & ഗൈഡ്, ജെ.ആർ.സി., ലിറ്റിൽ കൈറ്റ്സ് എന്നീ സന്നദ്ധ സംഘടനകൾക്ക് മീറ്റിംഗ് നട

ത്തുന്നതിന് പ്രത്യേക മുറിയും പ്രവർത്തനത്തിനാവശ്യമായ സാഹചര്യങ്ങളും ഒരുക്കിയിട്ടുണ്ട്. ധാരാളം ചെടികളും വൃക്ഷങ്ങളും നട്ട് ക്യാമ്പസ് മോടി പിടിപ്പിച്ചിട്ടുണ്ട്.

## ഭൗതീകം

## പരിമിതികൾ

ഹൈസ്ക്കൂളിൽ നിലവിലുള്ള 14 ക്ലാസ് മുറികളിൽ 4 എണ്ണം ഹൈടെക് നിലവാരത്തിലേക്കുയരണം. ക്ലാസ് റൂമുകളിൽ നിലവാരമുള്ള ഇരിപ്പിടങ്ങൾ ഒരുക്കുകയും ചെയ്യേണ്ടതുണ്ട്.

ലൈബ്രറിയിൽ പതിനായിരത്തോളം പുസ്തകങ്ങൾ ഉണ്ടെങ്കിലും അവ വേണ്ടവിധത്തിൽ ഡിസ്പ്ലേ ചെയ്യാനുള്ള സൗകര്യം ഇല്ല. നിലവിൽ ലൈബ്രറിയിൽ തന്നെയുള്ള റീഡിംഗ് റൂം സൗകര്യം മറ്റൊരു വിശാലമായ റൂമിലേക്ക് മാറ്റേണ്ടതുണ്ട്. ഇതിനായി പുതിയ റീഡിംഗ് റൂം പണിയണം. ഡിജിറ്റലൈസ്ഡ് ലൈബ്രറി ഒരുക്കുന്നതിനായി കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ എന്നിവ ആവശ്യമാണ്. ഇതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നുണ്ട്. അത് വിജയപഥത്തിലെത്തണം.

കുട്ടികൾക്ക് ഉച്ചഭക്ഷണം കഴിക്കാനുള്ള ഭോജനശാല നിലവിൽ സ്കൂളിൽ ഇല്ല. ആധുനീക സൗകര്യത്തോടുകൂടിയ ഒരു ഭോജനശാല നിർമ്മിക്കണം. ഇതിൽ ആവശ്യത്തിന് ഫർണ്ണീച്ചറുകളും പാത്രങ്ങളും മറ്റും ലഭ്യമാക്കണം.

ആകർഷകമായ വിധത്തിൽ പൂന്തോട്ടം, ജൈവവൈവിധ്യ പാർക്ക് എന്നിവ ഒരുക്കേണ്ടതുണ്ട്. കുട്ടികളുടെ കലാവാസന പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ പരിശീലനം നൽകാൻ (ഉപകരണ സംഗീതം ഉൾപ്പെടെ) പ്രത്യേകം റൂം സൗകര്യമൊരുക്കണം.

വിശാലമായ കളിസ്ഥലമുണ്ടെങ്കിലും ഒരു സ്പോർട്ട്സ് പവിലിയൻ ഇൻഡോർ സ്റ്റേഡിയം എന്നിവ ഇന്നും ഒരു സ്വപ്നമായി നിലനിൽക്കുന്നു. കായിക പഠനം കാര്യക്ഷമമാക്കുന്നതിന് ഇവയ്ക്ക് നിർണ്ണായക പങ്കുണ്ട്.

## സാമൂഹികം

## നേട്ടങ്ങൾ

സ്കൂളിലെ വൈവിധ്യമാർന്ന സന്നദ്ധസംഘടനകളുടെ പ്രവർത്തനം സാമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നതിന് ഏറെ സഹായിക്കുന്നു. അതുപോലെ സ്കൂളിലെ വിവധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നു. സാമൂഹ്യ ശുചിത്വം, ട്രാഫിക് നിയന്ത്രണം, വൃക്ഷത്തൈകൾ വച്ച് പിടിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഏറെ മാതൃകാപരമായി നടത്തുകയും സമൂഹത്തിന്റെ അംഗീകാരം പടിച്ചുപറ്റിയവയുമാണ്.

ലഹരിക്കെതിരെ സമൂഹത്തെ ബോധവൽക്കരിക്കാൻ വിവിധ പരിപാടികൾ നടത്തിയിട്ടുണ്ട്. വിദ്യാലയ വികസന സമിതി, പൂർവ്വവിദ്യാർത്ഥി സംഘടന എന്നിവയും വിദ്യാലയത്തെ സമൂഹവുമായി ബന്ധിപ്പിക്കുന്നു.

കുട്ടികളുടെ ഭവനസന്ദർശനം കുട്ടികളുടെ ചുറ്റുപാടും സാഹചര്യവും മനസ്സിലാക്കാൻ സാധിക്കുന്നു.

സ്കൂളിന്റെ സമഗ്ര വികസനത്തിനുവേണ്ടി ആത്മാർത്ഥമായി പരിശ്രമിക്കുന്ന ശക്തമായ പി.ടി.എ. സ്ഥാപനത്തിന്റെ സാമൂഹ്യബന്ധത്തിന്റെ തെളിവാണ്.

വിവിധ സന്നദ്ധ സംഘടനകൾ, പൂർവ്വാധ്യാപകർ, സഹകരണ സ്ഥാപനങ്ങൾ എന്നിവരുടെ അകമഴിഞ്ഞ സേവനം ഈ സ്ഥാപനത്തിന് ലഭിച്ചുവരുന്നു. (പഠനോപകരങ്ങൾ, പ്രോത്സാഹന സമ്മനങ്ങൾ, സ്കൂൾ വികസനത്തിനുവേണ്ട ഫണ്ട്) ഇതെല്ലാം ഈ സ്ഥാനപത്തെ സമൂഹം വിലമതിക്കുന്നു എന്നതിന്റെ തെളിവാണ്.

ക്ലാസ് പി.റ്റി.െ, പഠനോത്സവം എന്നിങ്ങനെയുള്ള പരിപാടികൾ കുട്ടികളുചെ കഴിവുകളും മികവുകളും സമൂഹത്തിലെത്തിക്കാൻ സാധിക്കുന്നു.

## <u>പരിമിതികൾ</u>

പ്രവർത്തനങ്ങളുടെ ബാഹുല്യം കൊണ്ടും പഠനസമയം കൂടുതൽ നഷ്ട മാകുന്നതിനാലും പഠനസമയത്തുള്ള ചില പ്രവർത്തനങ്ങളെങ്കിലും ഏറ്റെടുക്കാനുള്ള പരമമിതി ഉണ്ട്.

23. ദിനാചരണങ്ങൾ - ശക്തിപ്പെടുത്തൽ

24. ഗവേഷണാത്മക പഠനം

25. കായികശേഷി വികസനം

26. വിലയിരുത്തൽ കാര്യക്ഷമമാക്കൽ

27.. ചോദ്യപേപ്പർ ശില്പശാല

28. ഐ.ടി പഠനം - കാര്യക്ഷമമാക്കൽ

29. ചോദ്യപേപ്പർ ശില്പശാല

30. ചിത്രരചന പോഷണ പരിപാടി

31. ശാസ്ത്ര, ഗണിതശാസ്ത്ര, SS, IT,പ്രവൃത്തി പരിചയ മേളകൾ

32. ക്ലാസ് പി.ടി.എ കാര്യക്ഷമമാക്കൽ

33. സന്നദ്ധസംഘടനകളിലൂടെ

34. സാമൂഹ്യശാസ്ത്ര ലാബ്

35. മോക്ക് പാർലിമെന്റ്

36. കൗമാര വിദ്യാഭ്യാസം

37. ലഹരമമുക്ത കാമ്പസ്

38. മാലിന്യസംസ്കരണം

39. നിശാപാഠശാല

40. സമഗ്രഗുണമേന്മ വിദ്യാഭ്യാസം

## ഉപമേഖല : കൗൺസിലിംഗ്

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| വിവിധങ്ങളായ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്ക് കൗൺസിലിംഗ് | ♦ആത്മവിശ്വാസം, ധൈര്യം ഇവ വർദ്ധിപ്പിച്ച് കുട്ടികൾ നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തൽ<br><br>♦ഗൃഹസന്ദർശനം, അഭിമുഖം, നിരീക്ഷണം, പ്രശ്നപരിഹരണം തുടങ്ങിയ വിവിധ മാർഗ്ഗങ്ങൾ അവലംബിച്ച് കൗൺസിലിംഗ് ഫലപ്രദമാക്കൽ. ഗ്രൂപ്പ് കൗൺസിലിംഗ്. | കൗൺസിലിംഗ് ടീച്ചർ | ജൂണിൽ തുടങ്ങി എല്ലാ ദിവസവും | |

## ഉപമേഖല : സന്നദ്ധ സംഘടനകളിലൂടെ

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| പഠനത്തോടൊപ്പം സേവന മനോഭാവം അച്ചടക്കം പേഴ്സണാലിറ്റി ഡെവലപ്പമെന്റ് എന്നിവ വളർത്തുന്നതിന് | SPC, Scout & guide, Little kites, JRC എന്നീ സംഘടനാ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും, വിവിധ പരീക്ഷകൾ നടത്തുകയും ചെയ്യുന്നു. | സംഘടന ചാർജ്ജുള്ള ടീച്ചേഴ്സ് | | |

## ഉപമേഖല : കലാപരിപോഷണം

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ സർഗ വാസനകളെ പരി പോഷിപ്പിക്കൽ | ♦കുട്ടികളുടെ സർഗവാ സനകൾകണ്ടെത്തു കയും അവ പരിപോളി പ്പിക്കുകയും ചെയ്യുക.. ♦സംഗീതം, നൃത്തം, അഭിനയം, കഥാരചന, കവിരചന, കവിതാലാ പനം, ഉപകരണ സംഗീതം തുടങ്ങി വ്യത്യസ്തങ്ങളായ കഴി വുകളുള്ള കുട്ടികളെ കണ്ടെത്തി അവരുടെ സർഗവാസനകൾ പരി പോഷിപ്പിക്കുന്നതി നുള്ള പരിശീലനങ്ങൾ നൽകൽ. | കലാധ്യാപർ, എസ്. ആർ.ജി | 2025 ജൂൺ മുതൽ 2 വർഷം | പി.ടി.എ. 1,00,000/- |

## ഉപമേഖല : കൗമാര വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യമുള്ള ശാരീരവും, മനസ്സും കുട്ടി കൾക്ക് പ്രധാനം ചെയ്യൽ | കുട്ടികളുടെ മനശാസ്ത്ര വിഭാഗം കൈകാര്യം ചെയ്യുന്ന ഡോക്ടറോ, കൗൺസിലർ എന്നിവരെ കണ്ടെത്തി ക്ലാസ് നൽകു ന്നതിനും കൗൺസിലിംഗ് വഴി പ്രസ്നപരിഹാരം കാണുന്നതിനും | ഹെഡ്മാസ്റ്റർ, എസ്.ആർ.ജി., പി.റ്റി.എ. | 2025 ജൂൺ മുതൽ 2 വർഷം | 3,000 |

## മേഖല : ലഹരി മരുന്ന് കാമ്പസ്

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| ലഹരിയോടുള്ള താല്പര്യം ഇല്ലാ താക്കുക | പോലീസ്, എക്സൈസ് ഉദ്യോഗസ്ഥർ എന്നിവ രുടെ ക്ലാസ് കൂടാതെ ഇതുമായി ബന്ധപ്പെട്ട ആരോഗ്യ പ്രസ്നങ്ങളെ കുറിച്ച് പറയുന്നതിനുള്ള ഹെൽത്ത് ഒഫീസർ എന്നിവരുടെ ക്ലാസ് നട ത്തുന്നതിന് | ഹെഡ്മാസ്റ്റർ, പി.റ്റി.ടീച്ചർ പി.റ്റി.എ. | വർഷ ത്തിൽ ഒരു പ്രാവശ്യം | |

## മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| സ്കൂൾ വിദ്യാ ഭ്യാസ നിലവാരം കൂടുതൽ മെച്ചപ്പെ ടുത്തിന് | പരീക്ഷയ്ക്ക് ശേഷം ക്ലാസ് പി.റ്റി.എ. പഠന ത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വിഷയാടിസ്ഥാനത്തിൽ പിന്തുണാ ക്ലാസ്, ടെസ്റ്റ് എന്നിവ നടത്തുന്നതിന് | ഹെഡ്മാസ്റ്റർ, പി.റ്റി.എ. എസ്.ആർ.ജി. | വർഷ ത്തിൽ മൂന്ന് പ്രാവശ്യം | |

## മേഖല : അക്കാദമികം / ശാസ്ത്രം / മേളകൾ

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക | സ്കൂൾതല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പാക്കൽ, ഉപജില്ല തലത്തിൽ പരമാവധി പങ്കാളിത്തം | സയൻസ് ക്ലബ്ബ് | വർഷത്തിൽ ഒരു പ്രാവശ്യം | 10000/- (സി.എസ്. ആർ) |

## മേഖല : അക്കാദമികം / മോക്ക് പാർലിമെന്റ്

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടനപത്രിക, പ്രചാരണം, മീറ്റ് ദി കാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ വച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലിമെന്റ് രൂപീകരിക്കൽ. ഇതിന്റെ നേതൃത്വത്തിൽ ഇടവേളകളിൽ മോക്ക് പാർലമെന്റ് സംഘടിപ്പിക്കൽ | എസ്.ആർ.ജി. സ്കൂൾ പാർലിമെന്റ് | 5 എണ്ണം | 10000/- (സി.എസ്. ആർ) |

## മേഖല : അക്കാദമികം / കലാ-വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| ചിത്രരചനയിൽ പ്രാവീണ്യം നേടൽ | ആഴ്ചയിൽ 1 ദിവസം പടം വരയിൽ പരിശീലനം നൽകുന്നു | എസ്.ആർ.ജി. ഡ്രോയിംഗ് അധ്യാപകർ | ആഴ്ചയിൽ 1 ദിവസം | 10000/- (എസ്.ഡ്.സി.) |

## മേഖല : അക്കാദമികം / നിശാപാഠശാല

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| പിന്നോക്കക്കാര നായ 10,12 ക്ലാസുകളിലെ കുട്ടികൾക്ക് രാത്രികാല പരി ശീലനം | പൊതുവായ പരീക്ഷ കൾക്ക് മുമ്പായി ഒരു മാസം നീണ്ടു നിൽക്കുന്ന രാത്രികാല പരിശീലനം പി.ടി.എ. പ്രതിനിധികലും അദ്ധ്യാപകരും പാഠശാ ലയ്ക്ക് നേതൃത്വം നൽകണം. ഭക്ഷണം നൽകണം. | എസ്.ആർ. ജി. പി.ടി.എ. | പ്രതി വർഷം ഒരു മാസം | 10000/- (സ്പോൺസർഷിപ്പ്) |

## മേഖല : ഭൗതീകം / മാലിന്യസംസ്കരണം

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| ശുചിത്വമുള്ള അന്തരീക്ഷം ഒരു ക്കൽ | ജൈവമാലിന്യങ്ങളും അജൈവമാലിന്യങ്ങളും സംസ്കരിക്കുന്നതിനുള്ള ക്രമീകരണം സൗകര്യപ്ര ദമായ സ്ഥലത്ത് ഒരു ക്കൽ | എസ്.എസ്.ജി. | 1 വർഷം | 1 ലക്ഷം (ജില്ലാ പഞ്ചാ യത്ത്) |

## മേഖല : സാമൂഹികം / സ്കൂൾ കലണ്ടർ

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| സ്കൂൾ മികവു കൾ സമൂഹവു മായി പങ്കുവ യ്ക്കൽ | വിദ്യാലയത്തിലെ ഒരു വർഷത്തെ അക്കാദമിക് പ്രവർത്തനങ്ങളും സാധാരണ ദിവസ കല ണ്ടറും ചേർത്ത് അച്ചടിച്ച് രക്ഷിതാ ക്കൾക്കും പൊതു സമൂ ഹത്തിനും നൽകൽ | എസ്.അർ.ജി. പി.ടി.എ | വർഷത്തിൽ ഒരു പ്രാവശ്യം | 10,000/- (പരസ്യം) |

## ഉപസംഹാരം

മാർ അഗസ്റ്റിൻസ് ഹൈസ്ക്കൂളിന്റെ ആ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ - പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ്. കുട്ടിയുടെ സർവ്വതോന്മുഖമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണ്ണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്. പഠനപ്രവർത്തനങ്ങൾക്ക് അനുബന്ധമായിട്ടുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടേയും സമൂഹത്തിന്റെയും ജനപ്രതിനിധികളുടേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും സഹായം കൊണ്ട് സ്കൂളിന് സാധിക്കും എന്ന വിശ്വാസത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. അതിന് കഴിയുമെന്ന വിശ്വാസവും ഞങ്ങൾക്കുണ്ട്.